വളരെ അടിയന്തരം

നം. സി.ബി(1) 56042/12

സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി.01.11.2014

സഹകരണസംഘം രജിസ്ട്രാർ,
തിരുവനന്തപുരം.

എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും

സർ,

വിഷയം:- സഹകരണവകുപ്പ് സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്തത വർദ്ധിപ്പിക്കുന്നതിന് സർക്കാർ ധനസഹായം പ്രത്യേക നിക്ഷേപ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച്

സൂചന:- 1) സർക്കാരിന്റെ 6.03.2014 ലെ സ.ഉ(സാധാ) നം 186/2014 സഹനം ഉത്തരവ്
2) സർക്കാരിന്റെ 12.03.14 ലെ സ.ഉ(സാധാ) നം 195/2014 നമ്പർ ഉത്തരവ്
3) സർക്കാരിന്റെ 29.03.2014 (ജി.ഒ) എം.എസ് 120/2014/ഫി.നം. ഉത്തരവ്
4) സർക്കാരിന്റെ 29.03.2014 (ജി.ഒ) എം.എസ് 121/2014/ഫി.നം. ഉത്തരവ്
5) സർക്കാരിന്റെ 18.07.2014 ലെ സ.ഉ(സാധാ) നം 5565/2014 ധന നമ്പർ ഉത്തരവ്
6) സർക്കാരിന്റെ 8.10.2014 ലെ സ.ഉ(സാധാ) നം 7618/2014 ധന നമ്പർ ഉത്തരവ്
7) ഈ ആഫീസിലെ 31.03.2014, 24.07.2014 തീയതികളിലെ ഇതേ നമ്പർ കത്തുകൾ

സംസ്ഥാനത്തിലെ ജില്ലാ സഹകരണ ബാങ്കുകൾക്കും സംസ്ഥാന സഹകരണ ബാങ്കിനും 4 ശതമാനം മൂലധനപര്യാപ്തത കൈവരിക്കുന്നതിന് സൂചന(1) (2) പ്രകാരം 199.50 കോടി രൂപ അനുവദിക്കുകയും, ടി തുക പിൻവലിക്കുന്നതിന് സഹകരണ മേഖലയിൽ നിന്നും തത്തുല്യമായ തുക നിക്ഷേപമായി സ്വരൂപിച്ച് ഗവൺമെന്റ് ട്രഷറിയിൽ നിക്ഷേപിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. സൂചന (3), (4), (5) പ്രകാരം, അപ്രകാരം നിക്ഷേപം നടത്താനും അനുവാദം നൽകിയിട്ടുണ്ട്. സൂചന (6) പ്രകാരം ടി ഉത്തരവിന്റെ കാലാവധി 31.12.2014 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ടി നിക്ഷേപങ്ങൾക്ക് ട്രഷറി നിക്ഷേപത്തിന് സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന പലിശ നിരക്ക് നൽകുന്നതാണ്. സർക്കാർ നൽകുന്ന പലിശയ്ക്ക് പുറമെ 2 ശതമാനം അധിക പലിശ ഗവൺമെന്റ് ധനസഹായം ലഭിച്ച 6 ജില്ലാ സഹകരണ ബാങ്കുകളും, സംസ്ഥാന

സഹകരണ ബാങ്കും വഹിക്കുന്നതാണ്. സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ മൂലധനപര്യാപ്തത വർദ്ധിപ്പിക്കുന്നതിനുള്ള ടി 23 മാസക്കാലയള വിലെ പ്രത്യേക നിക്ഷേപ പദ്ധതിയിൽ പരമാവധി നിക്ഷേപം നടത്തുന്നതിന് താത്പര്യപ്പെടുന്നു. ആയതിനാൽ താങ്കളുടെ നിയന്ത്രണത്തിലുള്ള സംഘങ്ങളിൽ നിന്നും പരമാവധി നിക്ഷേപം സ്വരൂപിച്ച് 23 മാസക്കാലയളവിൽ സ്ഥിരം നിക്ഷേപമായി ജില്ലയിലെ അതാത് ജില്ലാ ട്രഷറിയിൽ നിക്ഷേപിക്കുന്ന തിന് നടപടികൾ സ്വീകരിക്കുന്നതിനും ടി വിവരം സഹകരണ സംഘം രജിസ്ട്രാറെ അറിയിക്കുന്നതിനും താല്പര്യപ്പെടുന്നു. സൂചന (6) ഉത്തരവിന്റെ പകർപ്പ് കുടി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

താങ്കളുടെ വിശ്വസ്തൻ
ഒപ്പ്
സഹകരണസംഘം രജിസ്ട്രാർ

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി)

47595

കേരള സർക്കാർ

സംഗ്രഹം

ധനകാര്യവകുപ്പ് - സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടേയും മൂലധന പര്യാപ്തത- ഉപധനാഭ്യർത്ഥന 2013-14- സ്ഥിരനിക്ഷേപ പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സ.ഉ.(സാധാ) നം. 7618/2014/ധന. തിയതി, തിരുവനന്തപുരം 08.10.2014.

---

പരാമർശം ;1) സ.ഉ.(സാധാ) നം. 418/2013/സഹ. തീയതി, 27.6.2013.
2) സ.ഉ.(സാധാ) നം. 186/2014/ സഹ. തീയതി, 6.3.2014
3) G.O (Ms) No.118/2014/Fin dated 28.3.2014
4) G.O (Ms) No.120/2014/Fin dated 29.3.2014
5) G.O (Rt) No.5565/2014/Fin dated 18.7.2014
6) U.O (f) നം. 5145/B2/2014/ സഹ.

## ഉത്തരവ്

സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും മൂലധന പര്യാപ്തത കൈവരിക്കണമെന്നുള്ള ഭാരതീയ റിസർവ്വ് ബാങ്കിന്റെയും നബാർഡിന്റെയും നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം സംസ്ഥാന സഹകരണബാങ്കിനും സംസ്ഥാനത്തെ 6 ജില്ലാ സഹകരണബാങ്കുകൾക്കും 30.6.2013 ന് 4% മൂലധന പര്യാപ്തത കൈവരിക്കുന്നതിന് 199.50 കോടി രൂപ 4425-107-89 എന്ന ശീർഷകത്തിൽ നിന്നും സംസ്ഥാന സർക്കാർ ഓഹരിയായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം അനുവദിച്ച തുക പിൻവലിക്കുന്നതിനായി സഹകരണ ബാങ്കുകൾ തത്തുല്യമായ തുക ട്രഷറികളിൽ നിക്ഷേപിക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചു പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

ഇപ്രകാരമുള്ള പ്രത്യേക നിക്ഷേപ പദ്ധതിയുടെ കാലാവധി 31.7.2014 വരെ ദീർഘിപ്പിച്ച് പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ നിർദ്ദിഷ്ട മൂലധന പര്യാപ്തത കൈവരിക്കാൻ നിശ്ചിത സമയത്തിനുള്ളിൽ കഴിയാത്തതിനാൽ ഈ നിക്ഷേപ പദ്ധതിയുടെ കാലാവധി 31.12.2014 വരെ ദീർഘിപ്പിച്ച് നല്കണമെന്ന് പരാമർശം (6) പ്രകാരം ഭരണ വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നു. മേൽ സാഹചര്യത്തിൽ പരാമർശം (3) പ്രകാരം ട്രഷറികളിലൂടെ നടപ്പിലാക്കുന്ന പ്രത്യേക നിക്ഷേപ പദ്ധതിയുടെ കാലാവധി 31.12.2014 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
എ.ആർ. അജയകുമാർ
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ജി ആന്റ് എസ്എസ്.എ ) കേരള തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ.) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സഹകരണസംഘം രജിസ്ട്രാർ, തിരുവനന്തപുരം
ജനറൽ മാനേജർ, ജില്ലാ സഹകരണബാങ്ക് (കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, കാസർഗോഡ്, മലപ്പുറം).
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
ചീഫ് ജനറൽ മാനേജർ, നബാർഡ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

അക്കൗണ്ട്സ് ഓഫീസർ.